28.01.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 28-11-97

# പരിധിയില്ലാത്ത സേവനത്തിന്റെ മാർഗം- ആത്മീയ വ്യക്തിത്വത്തിലൂടെ ദൃഷ്ടി കൊണ്ട് സായൂജ്യമടയിക്കുക

ഇന്ന് ബാപ്ദാദ തന്റെ അനേക കൽപത്തെ മിലനമാഘോഷിക്കുന്ന ഓമനകളായ നഷ്ടപ്പെട്ട് തിരികെക്കിട്ടിയ കുട്ടികളുമായി പിന്നെയും മിലനമാഘോഷിക്കാൻ വന്നിരിക്കുകയാണ്. അവ്യക്തമിലനാണെങ്കിൽ സദാ ആഘോഷിക്കുന്നുമുണ്ട്, എന്നാൽ അവ്യക്തത്തിൽ നിന്ന് വ്യക്തരൂപത്തിൽ മിലനമാഘോഷിക്കുന്നതിന് എല്ലാ കുട്ടികളും ഭാരതം അഥവാ വിദേശത്തു നിന്ന് വീണ്ടും തന്റെ വീട്ടിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. ബാപ്ദാദ കാണുകയാണ്- നാനാഭാഗത്തെയും കുട്ടികൾ അവരവരുടെ സ്ഥലത്തും മിലനം ആഘോഷിച്ചുകൊണ്ടിരിക്കുന്നു. ഈ മിലനം ആത്മീയ അലൗകികമിലനമാണ്. ഈ മിലനത്തിൽ ബാപ്ദാദയുടെയും കുട്ടികളുടെയും സ്നേഹത്തിന്റെ സാകാരസ്വരൂപമുണ്ട്.

ഇന്ന് ബാപ്ദാദ തന്റെ കുട്ടികളുടെ ആത്മീയവ്യക്തിത്വത്തെ കാണുകയാണ്. ഓരോ കുട്ടികളുടെയും ആത്മീയവ്യക്തിത്വം എത്ര ശ്രേഷ്ഠമാണ്. ഇങ്ങനെയുള്ള ആത്മീയവ്യക്തത്വം മുഴുവൻ കൽപത്തിൽ മറ്റാർക്കുമില്ല. എന്തെന്നാൽ താങ്കളേവരുടെയും വ്യക്തിത്വം ഉണ്ടാക്കുന്നയാൾ ഉയർന്നതിലും ഉയർന്ന ബാബയാണ്. താങ്കളും താങ്കളുടെ ആത്മീയവ്യക്തിത്വത്തെ അറിയുന്നില്ലേ? ഏറ്റവും വലുതിലും വലിയ വ്യക്തിത്വമാണ്- സ്വപ്നം അഥവാ സങ്കൽപത്തിൽ പോലും സമ്പൂർണ പവിത്രതയുടെ വ്യക്തിത്വം. യഥാക്രമമാണ്, എന്നാലും വിശ്വത്തിലെ സർവാത്മാക്കളെക്കാളും ശ്രേഷ്ഠമാണ്. അപ്പോൾ ബാപ്ദാദ ഓരോരുത്തരുടെയും മസ്തകത്തിൽ നിന്ന് വ്യക്തിത്വത്തിന്റെ തിളക്കം കാണുകയാണ്. പവിത്രതയോടൊപ്പം എല്ലാവരുടെയും മുഖത്തും പെരുമാറ്റത്തിലും ആത്മീയതയുടെയും വ്യക്തിത്വമുണ്ട്. മറ്റു വ്യക്തിത്വങ്ങൾ എന്താണ്? ആരാണോ സ്വത്തുക്കളാൽ സമ്പന്നം അവർക്കും വ്യക്തിത്വമുണ്ടാകുന്നു. എന്നാൽ എത്ര തന്നെ വലിയ വലിയ സമ്പന്ന ആത്മാക്കളാകട്ടെ, താങ്കൾക്കു മുന്നിൽ ആ സമ്പന്ന ആത്മാക്കളും ഒന്നുമല്ല എന്തെന്നാൽ അവരും അവിനാശി സുഖശാന്തിയുടെ ഖജനാക്കളിൽ കാലിയാണ്. താങ്കളുടെ പക്കൽ എന്തു സമ്പത്തുണ്ടോ അതിനു മുന്നിൽ മില്യണർമാരും ബാബയോട് സുഖശാന്തി യാചിക്കുന്നവരാണ്. താങ്കൾ സദാ അവിനാശി ഖജനാക്കളാൽ നിറഞ്ഞവരാണ്. അവരുടെ ഖജനാക്കൾ ഇന്നുണ്ടാകും, നാളെയില്ല, എന്നാൽ താങ്കളുടെ ഖജനാവ് ആർക്കും തട്ടിയെടുക്കാനുമാവില്ല, ഒരാത്മാവിനും ഖജനാവിനെ ഇളക്കാനുമാവില്ല. അളവറ്റതാണ്, അഖണ്ഡമാണ്. താങ്കൾ കുട്ടികൾ ഇങ്ങനെയുള്ള വ്യക്തിത്വമുള്ളവരാണ്. ഏറ്റവും വലുതിലും വലിയ വ്യക്തിത്വമുള്ളവരും ആത്മാക്കളിലൂടെയോ, വിനാശി ധനത്തിലൂടെയോ, വിനാശി ജോലിയിലൂടെയോ വ്യക്തിത്വമുണ്ടാക്കുന്നവരാണ്, അഥവാ പറയപ്പെടുന്നവരാണ്. എന്നാൽ താങ്കൾക്ക് ഉയർന്നതിലും ഉയർന്ന പരമാത്മാവ് ശ്രേഷ്ഠവ്യക്തിത്വമുള്ളവരാക്കി. അപ്പോൾ തന്റെ ഉയർന്ന വ്യക്തിത്വത്തിന്റെ ആത്മീയലഹരി ഉണ്ടോ? ഉണ്ടെങ്കിൽ കൈ ഉയർത്തൂ.

ബാപ്ദാദയ്ക്ക് ഇത്ര ശ്രേഷ്ഠ വ്യക്തിത്വമുള്ള കുട്ടികളെ കണ്ട് എത്ര സന്തോഷമുണ്ടാകുന്നു. താങ്കൾക്കുമില്ലേ? ബാപ്ദാദ കുട്ടികളുടെ ഇങ്ങനെയുള്ള ശ്രേഷ്ഠത കണ്ട് എന്ത് ഗീതം പാടുന്നു, അറിയാമോ? താങ്കളും പാടുന്നു, ബാബയും പാടുന്നു. ബാബയുടെ പാട്ട് കേൾക്കുന്നുണ്ടോ അതോ ടേപ്പിലെ പാട്ടാണോ കേൾക്കുന്നത്? ബാപ്ദാദയുടെ ടേപ്പ് വേറിട്ടതല്ലേ, ഓട്ടോമാറ്റിക്കുമാണ്. പ്രവർത്തിപ്പിക്കാനുള്ള പരിശ്രമമെടുക്കേണ്ട. ഹൃദയത്തിന്റെ ഗീതം ഹൃദയത്തിലുള്ളവർക്കേ (ദിൽവാല) കേൾക്കാൻ കഴിയൂ. വെറും ചെവിയുള്ളവരല്ല, ഹൃദയമുള്ളവർ. അപ്പോൾ എല്ലാവരും ഹൃദയമുള്ളവരല്ലേ? ദിൽവാലാക്ഷേത്രത്തിൽ താങ്കളുടെ ചിത്രമില്ലേ? എല്ലാവരും സ്വന്തം ചിത്രം കണ്ടിട്ടില്ലേ? ബാപ്ദാദയാണെങ്കിൽ സദാ കുട്ടികളുടെ ചിത്രവും ചരിത്രവും കണ്ടുകൊണ്ടിരിക്കുന്നു. അപ്പോൾ ഇന്ന് വ്യക്തിത്വത്തെ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. സദാ ഈ വ്യക്തിത്വം സ്മൃതിയിൽ എമർജായിരിക്കട്ടെ, ഉള്ളതു തന്നെയാണ് എന്നല്ല, കാണപ്പെടണം. അനുഭവത്തിൽ വരണം. സദാ ഇങ്ങനെയുള്ള വ്യക്തിത്വത്തിൽ കഴിയുന്നവരുടെ ലക്ഷണം എന്തായിരിക്കും? ഏത് ലക്ഷണത്തിൽ നിന്നും മനസിലാക്കണം ഇവർ തന്റെ വ്യക്തിത്വത്തിലാണ്? അഥവാ ഈ ആത്മീയവ്യക്തിത്വം എമർജ് രൂപത്തിലുണ്ടെങ്കിൽ അവരുടെ നയനം, അവരുടെ മുഖം, ചലനം, സങ്കൽപം, സംബന്ധം എല്ലാം പ്രസന്നതയുള്ളതായിരിക്കും. സദാ പ്രസന്നചിത്തം, പ്രശ്നചിത്തമല്ല, പ്രസന്നചിത്തം. അഥവാ പ്രശ്നചിത്തമെങ്കിൽ പെരുമാറ്റവും വ്യക്തിത്വമുള്ളതായിരിക്കില്ല. മുഖത്തും പ്രസന്നതയുടെ തിളക്കമില്ല. എന്തു സംഭവിച്ചാലും വ്യക്തിത്വമുള്ളവരുടെ പ്രസന്നത മറയ്ക്കാനാവില്ല. അപ്രത്യക്ഷമാകുകയില്ല. പ്രസന്നചിത്തആത്മാവ്; ആര് എങ്ങനെയുള്ള പരവശ, അശാന്ത ആത്മാവായാലും അവരെ തന്റെ പ്രസന്നതയുടെ ദൃഷ്ടിയിലൂടെ പ്രസന്നമാക്കിക്കൊള്ളും. ബാബയുടെ മഹിമ- ദൃഷ്ടിയിലൂടെ സായൂജ്യമടയിക്കുന്നയാൾ- ഇതു കേവലം ബാബയുടെ മഹിമയല്ല, താങ്കളുടെയും മഹിമയാണ്. ഇപ്പോൾ സമയാനുസരണം എത്രത്തോളം സമയം സമീപം വന്നുകൊണ്ടിരിക്കുന്നുവോ, അതിനനുസരിച്ച് ദൃഷ്ടിയിൽ

നിന്നു സായൂജ്യമടയിക്കുവാനുള്ള സേവനം ചെയ്യുവാനുള്ള സമയം വരും. ഏഴു ദിവസത്തെ കോഴ്സ് ഉണ്ടാകില്ല, ഒരു ദൃഷ്ടി കൊണ്ട് പ്രസന്നചിത്തമായി മാറും.

ഹൃദയത്തിൻറെ ആശ താങ്കളിലൂടെ പൂർത്തീകരിക്കപ്പെടും. അപ്പോൾ എല്ലാവരും എന്ത് കരുതുന്നു?ആദിയിലെ സേവനത്തിന്റെ രത്നങ്ങൾ എന്തു കരുതുന്നു?ഇങ്ങനെയുള്ള സേവനം ചെയ്യാൻ സാധിക്കില്ലേ?ഇപ്പോൾ നോക്കൂ താങ്കൾ 40 വർഷം സേവനം ചെയ്തു അല്ലെങ്കിൽ അതിൽ അധികം ചെയ്തു ചിലരുടേത് ഒന്നോ രണ്ടോ വർഷം കുറവും ആകാം ചെറുത് കൂടുതലും ആകാം.ഇപ്പോൾ താങ്കൾ തൻറെ കൂടെയുള്ളവർക്ക് ഇങ്ങനെയുള്ള സേവനം പഠിപ്പിച്ചു കൊടുത്തു നിമിത്തവും ആക്കി.ഇപ്പോൾ താങ്കൾ എന്ത് ചെയ്യും?ആ സേവനം അവരും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. താങ്കൾ ആദിരത്നങ്ങൾ ആണ് അപ്പോൾ വേറിട്ടതും പ്രിയപ്പെട്ടതുമായ സേവനം ചെയ്യില്ലേ?ഇപ്പോൾ വീണ്ടും ഉത്സവം ആഘോഷിക്കും എത്രത്തോളം ദൃഷ്ടിയിലൂടെ സായൂജ്യമടയിച്ചു എന്നതിന്.9 ലക്ഷത്തിൽ നിന്ന് എത്ര ഉണ്ടാക്കി. മുന്നോട്ട് 33 കോടിയും ഉണ്ട് 9 ലക്ഷം അതിനു മുൻപിൽ ഒന്നും തന്നെയല്ല.ബീജം ഇവിടെ തന്നെയാണല്ലോ നിക്ഷേപിക്കേണ്ടത്.അപ്പോൾ നോക്കാം ആദിയിലെ സേവനത്തിന്റെ രത്നങ്ങൾ ഇനി എന്ത് അത്ഭുതമാണ് കാണിക്കുക .ഈ അത്ഭുതം കാണിച്ചു സേവാ കേന്ദ്രങ്ങൾ ഉണ്ടാക്കി നല്ല നല്ല പരിപാടികൾ ചെയ്തു അതിന് കോടി മടങ്ങ് ആശംസകൾ.രണ്ട് തരത്തിലുള്ള കുട്ടികളുണ്ട് ഒന്ന് ആദ്യം ഉള്ളവർ സ്ഥാപനയുടെ നിമിത്ത കുട്ടികൾ,താങ്കൾ ആണെങ്കിൽ വിശേഷ സേവനത്തിന്റെ ആദിയിലെ കുട്ടികൾ.ഇവർ ( ദാദിമാർ )ആണ് സ്ഥാപനയുടെ വേരുകൾ.താങ്കൾ എല്ലാം (സേവനത്തിന്റെ ആദി രത്നങ്ങൾ)ആണ് ആദ്യമാദ്യത്തെ കാണ്ഡം . അപ്പോൾ തടി ശക്തമായിരിക്കുമല്ലോ.തടിയിലാണ് എല്ലാം ആശ്രയിച്ചിരിക്കുന്നത്.തടിയിൽ നിന്നുമാണ് എല്ലാ ശാഖകളും പുറപ്പെടുന്നത്.വേര് സൂക്ഷ്മത്തിൽ ശക്തി നൽകുന്നുണ്ട് എന്നാൽ എന്താണോ പ്രായോഗികമായി കാണപ്പെടുന്നത് അത് തടിയാണ്.അപ്പോൾ ഗുപ്തമായിരിക്കുന്നു, സകാശ് നൽകുന്നവരും പ്രായോഗികമായി സ്റ്റേജിൽ വരുന്നവരും താങ്കൾ നിമിത്തമായവരാണ്, (സമ്മാൻ സമാരോഹി ന് വന്നു ചേർന്ന എല്ലാ സഹോദരി സഹോദരന്മാരെ കൊണ്ടും ബാപ്ദാദ കൈയുയർത്തിച്ചു )അതിനാൽ ബാപ്ദാദ ജോലി നൽകുകയാണ്. സമാരോഹ് വളരെ നന്നായി ആചരിച്ചല്ലോ. ബാപ്ദാദ എല്ലാം കണ്ടു.അലങ്കരിക്കപ്പെട്ട മൂർത്തികളെ കണ്ടു.ആ സമയത്ത് താങ്കൾക്കും ഇതേ ആത്മീയ അനുഭവം ഉണ്ടാവുകയായിരുന്നു ഞങ്ങൾ ചൈതന്യ മൂർത്തികളാണ്. ഇങ്ങനെ തന്നെയാണ് തോന്നിക്കൊണ്ടിരുന്നത് അലങ്കരിക്കപ്പെട്ട മൂർത്തികൾ ക്ഷേത്രങ്ങളിൽ നിന്ന് ശാന്തിവനത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്.

ബാപ്ദാദ കുട്ടികളിൽ നിന്നും ആഗ്രഹിക്കുന്നു ഇപ്പോൾ വേഗത്തിലുള്ള സേവനം ആരംഭിക്കു. എന്താണ് നടന്നത് അത് വളരെ നന്നായി.ഇപ്പോൾ സമയം അനുസരണം മറ്റുള്ളവർക്ക് കൂടുതൽ ശബ്ദത്തിനുള്ള അവസരം നൽകു. ഇപ്പോൾ മറ്റുള്ളവരെ മൈക്ക് ആക്കൂ, താങ്കൾ മൈറ്റായി സകാശ് നൽകു. അപ്പോൾ താങ്കളുടെ സകാശും അവരുടെ ശബ്ദവും ഇത് ഡബിൾ ജോലി ചെയ്യും. അപ്പോഴേ ഒമ്പത് ലക്ഷം സഹജമായി ആയി തീരുകയുള്ളൂ. ഇപ്പോൾ താങ്കൾ എല്ലാം പരിപാടിയിൽ ഇരിക്കുന്നു മറ്റ് മഹാരഥികൾ ഉണ്ടെങ്കിൽ മഹാരഥികൾക്ക് ഇപ്പോൾ സേവനമുണ്ട് സർവർക്കും സകാശ് നൽകുക. പരിധിയില്ലാത്ത സേവനത്തിന്റെ മൈതാനത്തിൽ വരിക. ബാബക്ക് വതനത്തിൽ ഒരു സ്ഥലത്തിരുന്ന് നാനാഭാഗത്തെയും ലക്ഷ്യത്തിലെ കുട്ടികളുടെ പാലന ചെയ്യാൻ കഴിയുന്നു, ചെയ്തുകൊണ്ടിരിക്കുന്നു എങ്കിൽ എന്താ താങ്കൾക്ക് ഒരു സ്ഥലത്തിരുന്ന് ബാപ്സമാനം പരിധിയില്ലാത്ത സേവനം ചെയ്യാൻ കഴിയുകയില്ലേ? ആദിരത്നം എന്നാൽ ഫോളോ ഫാദർ. പരിധിയില്ലാതെ സകാശ് നൽകു. പല കുട്ടികളും അവനവനോടും ചോദിക്കുന്നു പരസ്പരവും ചോദിക്കുന്നു പരിധിയില്ലാത്ത വൈരാഗ്യം എങ്ങനെയാണ് വരിക? കാണാനില്ല എന്നാൽ പരിധിയില്ലാത്ത സേവനത്തിൽ അവനവനെ ബിസി ആക്കി വെക്കൂ എങ്കിൽ പരിധിയില്ലാത്ത വൈരാഗ്യം സ്വതവേ വരും. എന്തെന്നാൽ ഈ സകാശ് നൽകുന്ന സേവനം നിരന്തരം ചെയ്യാൻ കഴിയും, ഇതിൽ ആരോഗ്യത്തിന്റെ കാര്യമോ സമയത്തിന്റെ കാര്യമോ ഇവ സഹജമായി മാറുന്നു. രാവും പകലും ഈ പരിധിയില്ലാത്ത സേവനത്തിൽ മുഴുകാം. ബ്രഹ്മാ ബാബയെ കണ്ടതുപോലെ രാത്രിയിലും കണ്ണ് തുറന്നിരുന്നു, പരിധിയില്ലാത്ത സകാശ് നൽകുന്നതിന്റെ സേവനം നടന്നുകൊണ്ടിരുന്നു. അപ്പോൾ ഈ പരിധിയില്ലാത്ത സേവനം ഇത്രയും ബിസി ആക്കി മാറ്റും പരിധിയില്ലാത്ത വൈരാഗ്യം സ്വതവേ തന്നെ ഹൃദയത്തിൽ വരും. പരിപാടിയിലൂടെ അല്ല. ഇത് ചെയ്യാം, അത് ചെയ്യാം ഈ പദ്ധതികൾ ഉണ്ടാക്കുന്നുണ്ട് എന്നാൽ പരിധിയില്ലാത്ത സേവനത്തിൽ ഏർപ്പെട്ടിരിക്കുക ഇത് ഏറ്റവും എളുപ്പമുള്ള മാർഗമാണ് എന്തെന്നാൽ പരിധിയില്ലാതെ സകാശ് നൽകുമ്പോൾ സമീപമുള്ളവർ താനെ സകാശ് എടുത്തുകൊണ്ടിരിക്കും. ഈ പരിധിയില്ലാത്ത സകാശ് നൽകുന്നതിലൂടെ അന്തരീക്ഷം തനിയെ ഉണ്ടാകും. ഇപ്പോൾ ഇത് ചിന്തിക്കരുത് ഇത്രയും സെന്ററുകളുടെ ഉത്തരവാദിത്തമുണ്ട് അഥവാ സോണിന്റെ ഉത്തരവാദിത്തമുണ്ട് ! താങ്കൾ എല്ലാവർക്കും ദേശത്തെ രാജാവ് ആകണമോ അതോ വിശ്വത്തിന്റെയോ? എന്താകണം?വിശ്വത്തിന്റെ അല്ലേ? ആദിരത്നം ആണെങ്കിൽ വിശ്വത്തിന് സകാശ് നൽകുന്നവരാകു. അഥവാ 20 സെൻറർ,30 സെൻറർ അല്ലെങ്കിൽ 250 സെൻറർ അഥവാ സോൺ ഇത് ബുദ്ധിയിൽ ഉണ്ടാകും ഇതും തായ് തടിയുടെ ജോലിയല്ല ഇത് ഇ

ല ഇലകൾക്കും ചെയ്യാൻ സാധിക്കും. താങ്കൾ ആണെങ്കിൽ തായ്ത്തടിയാണ്. തടിയിൽ നിന്നും എല്ലാവർക്കും സകാശ് എത്തിച്ചേരുന്നു. താങ്കൾ എല്ലാവരും ഇത് ചിന്തിക്കുന്നു പരിധിയില്ലാത്ത വൈരാഗ്യം വരണം,ഇത് വളരെ നല്ലതാണ്. ഇപ്പോൾ വിനാശം ഉണ്ടായിക്കോട്ടെ. എന്നാൽ 9 ലക്ഷം തന്നെ തയ്യാറാക്കിയിട്ടില്ല.അപ്പോൾ സത്യത്തിന്റെ ആദിയിൽ വരുന്ന സംഖ്യ തന്നെ തയ്യാറായിട്ടില്ല അപ്പോൾ വിനാശം ഉണ്ടായാൽ ആരു വരും? എന്താ രണ്ടുമൂന്ന് ആയിരങ്ങൾക്കു മേൽ രാജ്യം ഭരിക്കുമോ? നാലഞ്ചു ലക്ഷം പേരിൽ രാജ്യം ഭരിക്കുമോ? അതിനാൽ ഇപ്പോൾ പരിധിയില്ലാത്ത സേവനത്തിന്റെ പാർട്ട് ആരംഭിക്കു. പാണ്ഡവർ എന്തു കരുതുന്നു?പരിധിയില്ലാത്ത സേവനം ചെയ്യുകയില്ലേ? പാണ്ഡവർ തയ്യാറല്ലേ?ഇപ്പോൾ ഈ പരിധിയുടെ കാര്യങ്ങൾ പരിധിയില്ലാത്തതിൽ പോകുമ്പോൾ തനിയെ വിട്ടു പൊയ്ക്കോളും. വിടുവിക്കുന്നതിലൂടെ വിടുകയില്ല.പരിധിയില്ലാത്ത സകാശിലൂടെ പരിവർത്തനം ഉണ്ടാവുക എന്നത് വേഗത്തിലുള്ള സേവനത്തിന്റെ ഫലമാണ്.

ബാപ്ദാദ അറിയുന്നുണ്ട് മാരകമായ സാഹചര്യങ്ങളിൽ നിമിത്തമായ ആത്മാക്കൾ സേവനത്തിന്റെ പ്രത്യക്ഷ തെളിവ് നൽകിയിട്ടുണ്ട്. എന്നാൽ താങ്കൾ എല്ലാവരുടെയും അടിത്തറ അഥവാ സെക്കൻഡിന്റെ പരിവർത്തനത്തിന്റെ മൂല അനുഭവം ഇതാണ് ബ്രഹ്മ ബാബയെ കണ്ടു ബ്രാഹ്മണനായി.സേവനത്തിന്റെ വരദാനം ലഭിച്ചു സേവനത്തിൽ മുഴുകി. ബാപ്ദാദ എല്ലാവരുടെയും അനുഭവവും കേട്ടു. നല്ല അനുഭവം കേൾപ്പിച്ചു. താങ്കൾ എല്ലാവരുടെയും അനുഭവം പോലെ ബ്രഹ്മ ബാബയെ കണ്ടു, ചിന്തിക്കേണ്ടിയും വന്നില്ല . സഹിക്കേണ്ടതിന്റെയും അനുഭവം ഉണ്ടായില്ല സഹിച്ചുകൊണ്ടിരിക്കുകയാണ് എന്ന്. വലിയ കാര്യമായി തോന്നിയില്ല. ഇങ്ങനെ ഇപ്പോൾ ഓരോ ശ്രേഷ്ഠൻ ബ്രാഹ്മണ ആത്മാവിനെയും കണ്ടു ആത്മാവിൽ ബ്രഹ്മ ബാബയെ കണ്ടു. ഇതാണ് സേവനത്തിന്റെ വേഗതയുടെ മാർഗം. എന്താ ബ്രഹ്മ ബാബ താങ്കൾക്ക് കോഴ്സ് എടുത്തോ?കോഴ്സ് മുമ്പാണ് ചെയ്തത്. എന്നാൽ കണ്ടു, ആയി മാറി. ബ്രഹ്മ ബാബിയിൽ ബാബ അലിഞ്ഞു ചേർന്നിരുന്നത് പോലെ, അതിനാൽ പരിശ്രമം തോന്നിയില്ല. എങ്ങനെയാ താങ്കൾ എല്ലാവരും ബാപ്ദാദയെ തന്നിൽ അലിയിച്ചുകൊണ്ട് ദൃഷ്ടിയിലൂടെ സായൂജ്യം ചെയ്യു. എന്താണ് താങ്കൾ എല്ലാവരുടെയും അനുഭവം, അനുഭവിയാണ്, കണ്ടു സമർപ്പണമായി മാറി. ഇപ്പോൾ ചിന്തിക്കുന്നത് പോലെ ട്രെയിനിങ് എടുക്കുന്നു പിന്നീട് ട്രയലിൽ വരുന്നു പിന്നീട് ചിലർ പോകുന്നു ചിലർ ഇരിക്കുന്നു. ഇത്രയും പരിശ്രമം താങ്കൾക്ക് ഉണ്ടായോ? ട്രെയിനിങ് ചെയ്തിരുന്നുവോ? ട്രയലിൽ കഴിഞ്ഞിരുന്നുവോ? വന്നു ഇഴുകി ചേർന്നു അത്രമാത്രം. ഇങ്ങനെയുള്ള സേവനം ഒരു ബ്രഹ്മ ബാബ ചെയ്തു എങ്കിൽ താങ്കൾ ഇത്രയും ബ്രാഹ്മണ ആത്മാക്കൾക്ക് എന്താ ചെയ്യാൻ സാധിക്കുകയില്ലേ? താങ്കളുടെ വ്യക്തിത്വം സ്വന്തമാക്കൂ . ബ്രഹ്മ ബാബയ്ക്കും വ്യക്തിത്വം ഉണ്ടായിരുന്നില്ലേ. മുഖത്തിന്റെതാകട്ടെ രൂപത്തിന്റെതാകട്ടെ എന്നാൽ വ്യക്തിത്വം ഉണ്ടായിരുന്നു അതുകൊണ്ട് ആകർഷിക്കപ്പെട്ടു. അപ്പോൾ ഫോളോ ഫാദർ. ബാബ താങ്കളെ ആദിയിൽ നിമിത്തമാക്കി, അപ്പോൾ ആരാണോ ആദിയുടേത്, സേവനത്തിന്റെ നിമിത്തം അഥവാ സ്ഥാപനയുടെ അടിത്തറ അവർക്ക് അന്തിമം വരെയും സേവനത്തിൽ കഴിയുക തന്നെ വേണം. ആരോഗ്യത്തിന്റെ കാരണത്താൽ ശരീരം കൊണ്ട് ചുറ്റിക്കറങ്ങാൻ കഴിയുന്നില്ല എന്നാൽ മനസാ മുഴുകാമല്ലോ? അതിൽ ചിലവും ഇല്ല,കയ്യിൽ ഒന്നും എടുക്കുകയും വേണ്ട ഓടി നടക്കേണ്ടതിന്റെയും ആവശ്യമില്ല. കിടന്നും ചെയ്യാം.എന്തു കരുതുന്നു? ഇപ്പോൾ ഇങ്ങനെയുള്ള എന്തെങ്കിലും പ്ലാൻ ഉണ്ടാക്കു. പുതിയ പാഠം ആരംഭിക്കു. ഇപ്പോൾ ഒരു പരിപാടി ആഘോഷിച്ചതല്ലേ. എന്ത് സേവനം ചെയ്തു അതിൻറെ പ്രത്യക്ഷ ഫലം ലഭിച്ചു. ഇപ്പോൾ പുതിയ സേവനം ചെയ്യൂ.ശരി

ബാപ്ദാദ വെറും മുന്നിലുള്ളവരോടല്ല പറയുന്നത് എല്ലാ കുട്ടികളോടും ആണ് പറയുന്നത്. വിദേശത്തും ആരാണ് കേട്ടുകൊണ്ടിരിക്കുന്നത് അവരോടുമാണ് പറയുന്നത്. എവിടെയെല്ലാം കേട്ടുകൊണ്ടിരിക്കുന്നുണ്ടോ ശാന്തിവനിൽ കേൾക്കുകയാണെങ്കിലും മുകളിൽ പാണ്ഡവ്ഭവനിൽ കേൾക്കുകയാണെങ്കിലും വിദേശത്താണെങ്കിലും എവിടെയാണെങ്കിലും അവിടെ ബാപ്ദാദ എല്ലാവരോടുമായി പറയുകയാണ്. ഇപ്പോൾ പരിധിയില്ലാത്ത സേവാധാരി ആകു. സമയം പരിധിയില്ലാത്ത സേവനത്തിന് ചെലവാക്കൂ. പരിധിയില്ലാത്ത സേവനത്തിൽ സമയം ചെലവഴിക്കുന്നതിലൂടെ സമസ്യസഹജമായി തന്നെ ഓടി പൊയ്ക്കോളും എന്തെന്നാൽ അജ്ഞാനീ ആത്മാക്കൾ ആകട്ടെ ബ്രാഹ്മണ ആത്മാക്കൾ ആകട്ടെ സമസ്യയിൽ സമയം ചെലവഴിക്കുമ്പോൾ മറ്റുള്ളവരുടെ സമയം എടുക്കുമ്പോൾ തെളിയുന്നു അവർ ദുർബല ആത്മാക്കൾ ആണ്. തൻറെ ശക്തിയില്ല. ആർക്ക് ശക്തിയില്ലയോ പാദം ഇളകുന്നുവോ അവരുടെ താങ്കൾ പറയുകയാണ് ഓടൂ , അപ്പോൾ ചെയ്യുമോ അതോ വീഴുമോ? അപ്പോൾ സമസ്തയ്ക്ക് വശപ്പെട്ട ആത്മാക്കൾ ബ്രാഹ്മണർ തന്നെയാകട്ടെ എന്നാലും ദുർബലരാണ്, ശക്തിയില്ല, എങ്കിൽ അവർ എവിടെ നിന്ന് ശക്തി എടുക്കും? ബാബ യിൽ നിന്നും നേരിട്ട് ശക്തി എടുക്കുവാൻ കഴിയുന്നില്ല എന്തെന്നാൽ ദുർബലാത്മാവാണ്. അപ്പോൾ എന്ത് ചെയ്യും? ദുർബല ആത്മാവിന് മറ്റാരുടെയെങ്കിലും രക്തം നൽകി ശക്തിയിലേക്ക് കൊണ്ടുവരുന്നു , എന്തെങ്കിലും ശക്തമായി ഇഞ്ചക്ഷൻ നൽകി ശക്തിയിലേക്ക് കൊണ്ടുവരുന്നു അപ്പോൾ താങ്കൾ എല്ലാവരിലും ശക്തികളുണ്ട്. അതിനാൽ ശക്തിയുടെ സഹയോഗം നൽകു, ഗുണങ്ങളുടെ സഹയോഗം നൽ

കും. അവരിലില്ലേ ഇല്ലേ ഇല്ല തന്റേതു നൽകു. ആദ്യമേ പറഞ്ഞല്ലോ ദാതാവ് ആകൂ. അവർ അസമർത്ഥ രാണ് അവർക്ക് സമർത്ഥത നൽകു.ഗുണങ്ങളുടെയും ശക്തിയുടേയും സഹയോഗം നൽകുന്നതിലൂടെ താങ്കൾക്ക് ആശീർവാദങ്ങൾ ലഭിക്കും ആശിർവാദങ്ങൾ ലിഫ്റ്റിനേക്കാൾ തീവ്രമായ റോക്കറ്റ് ആണ്. താങ്കൾക്ക് പുരുഷാർഥത്തിൽ സമയവും നൽകേണ്ടി വരില്ല, ആശീർവാദങ്ങളുടെ റോക്കറ്റിലൂടെ പറന്നുകൊണ്ടിരിക്കും. പുരുഷാർത്ഥത്തിന്റെ പരിശ്രമത്തിന് പകരം സംഗമത്തിന്റെ പ്രാലബ്ധത്തിന്റെ അനുഭവം ചെയ്യും . ആശിർവാദങ്ങൾ നൽകുക അത് പഠിക്കൂ പഠിപ്പിക്കൂ. തൻറെ സ്വാഭാവികമായ ശ്രദ്ധയും ആശിർവാദങ്ങളും. അറ്റൻഷനിൽ ടെൻഷൻ കലരാൻ പാടില്ല, സ്വാഭാവികം ആകണം.ജ്ഞാനത്തിന്റെ കണ്ണാടി സദാ മുന്നിലുണ്ട്. അതിൽ സ്വതവേ സഹജമായി തന്റെ ചിത്രം കാണപ്പെട്ടു കൊണ്ടിരിക്കും. അതിനാൽ പറഞ്ഞു വ്യക്തിത്വത്തിന്റെ ലക്ഷണമാണ് പ്രസന്ന ചിത്തം. എന്തുകൊണ്ട് എന്ത് ഇങ്ങനെ ഈ എ എ എ ഭാഷ സമാപ്തം. ആശിർവാദങ്ങൾ നൽകാനും നേടാനും പഠിക്കൂ. പ്രസന്നമായി കഴിയുക പ്രസന്നമാക്കുക. ഇതാണ് ആശിർവാദങ്ങൾ നൽകുക, ആശിർവാദങ്ങൾ നേടുക. എങ്ങനെയായാലും താങ്കളുടെ ഹൃദയത്തിലൂടെ ഓരോ ആത്മാവിനും ഓരോ സമയത്തും ആശിർവാദങ്ങൾ പുറപ്പെട്ടു കൊണ്ടിരിക്കട്ടെ ഇതിലാണ് മംഗളം. ഇതിനും ബുദ്ധി ശാന്തമാകണം. ഇവരിങ്ങനെ, ഇവർ അങ്ങനെ ഇങ്ങനെയല്ല. എല്ലാവരും നല്ലത്. ഇത് സാധിക്കുമോ? ആശിർവാദങ്ങൾ നൽകാൻ അറിയാമോ?എടുക്കാൻ അറിയാം നൽകാനും അറിയുമോ?നൽകുന്നില്ല എങ്കിൽ എടുക്കുന്നതെങ്ങനെ?നൽകൂ നേടൂ. ഇവർ ചെയ്യട്ടെ എന്നല്ല ഞാൻ ചെയ്യും . ബ്രഹ്മബാബയുടെ സദാ സ്ലോഗനായിരുന്നു ബ്രഹ്മ ബാബ കൂടെക്കൂടെ ഓർമിപ്പിച്ചു കൊണ്ടിരുന്നു എന്ത് കർമ്മം ഞാൻ ചെയ്യുമോ? എന്നെ കണ്ട് മറ്റുള്ളവർ ചെയ്യും. മറ്റുള്ളവർ ചെയ്യുമ്പോൾ ഞാൻ ചെയ്യും ...ഈ സ്ലോഗനല്ല. എന്ത് ഞാൻ ചെയ്യുമോ എന്നെ കണ്ട് മറ്റുള്ളവർ ചെയ്യും. ഇല്ലെങ്കിൽ സ്ലോഗൻ മാറ്റിക്കോളൂ, ജഗദമ്പ മാതാവിൻറെ വിശേഷ സ്ലോഗനായിരുന്നു ആജ്ഞ നൽകി നടത്തിച്ചു കൊണ്ടിരിക്കുന്നു. ബാബ നടത്തിക്കുകയാണ് ഞാൻ നിമിത്തമായി നടന്നുകൊണ്ടിരിക്കുന്നു. അപ്പോൾ രണ്ട് സ്ലോഗനും സദാ ഓർമ്മ വെക്കൂ പ്രത്യക്ഷമായി. കേട്ടതൊക്കെയാണ് ഓർമ്മയൊക്കെ ഉണ്ട് അങ്ങനെ തന്നെയാണ് എന്നല്ല. കർമ്മത്തിൽ കാണപ്പെടണം. അപ്പോൾ എന്തു ചെയ്യും? ആശിർവാദങ്ങൾ നേടും ആശിർവാദങ്ങൾ നൽകും, അതോ നിന്ദിക്കും എന്നിട്ട് ഫീൽ ചെയ്യുമോ ഇവർ ഇങ്ങനെയാണ് ഇവർ അങ്ങനെയാണ് എന്ന്? ഇല്ല അവർക്ക് ആശിർവാദങ്ങൾ നൽകു. ദുർബലരാണ് വശീഭൂതരാണ്. ഭാഷയും സങ്കൽപവും മാറ്റു. സങ്കല്പമാത്ര ഇവർ മാറട്ടെ എന്ന് വരരുത്. ഞാൻ മാറും. മറ്റു കാര്യങ്ങളിൽ എല്ലാം ഞാൻ ഞാൻ എന്ന് വരുന്നു. പക്ഷേ ഏതു കാര്യത്തിൽ ഞാൻ വരണമോ അതിൽ മറ്റുള്ളവർ ചെയ്യട്ടെ എങ്കിൽ ചെയ്യാം ഇതെന്താണ്? നല്ല കാര്യമാണെങ്കിൽ പറയും ഞാൻ. ഇങ്ങനെ എന്തെങ്കിലും കാര്യമാണെങ്കിൽ പറയും ഇവർ ചെയ്തു ഇവർ പറഞ്ഞു.തലതിരിഞ്ഞു പോയില്ലേ.ആര് എന്ത് ചെയ്യുന്നു എങ്കിലും എനിക്ക് എന്ത് ചെയ്യണം എനിക്ക് എന്ത് ചിന്തിക്കണം എനിക്ക് എന്ത് പറയണം ഇതിൽ ഞാൻ എന്ന ഭാവം കൊണ്ടുവരൂ. ദേഹ ബോധത്തിന്റെ ഞാനല്ല സേവനത്തിന്റെ ഞാൻ.അപ്പോൾ ഇങ്ങനെ തന്നെ ശ്രേഷ്ഠ വൈബ്രേഷൻ പരത്തൂ. ഇപ്പോൾ ശബ്ദം ജോലി ചെയ്യുന്നത് കുറവാണ്, ഹൃദയത്തിൻറെ സഹയോഗം,ഹൃദയത്തിൻറെ വൈബ്രേഷൻ വളരെ പെട്ടെന്ന് പ്രയോജനത്തിൽ വരുന്നു. ശരി

ഇപ്പോൾ ഒരു മിനിറ്റിൽ എല്ലാവരും തന്നെ സൈലൻസിന്റെ ശക്തി എമർജ് ചെയ്യൂ. ഒന്നാന്തരം സൈലൻസ് മനസ്സിലൂടെ ശരീരത്തിലൂടെ എമർജ് ചെയ്യൂ. (ബാപ്ദാദ ഡെഡ് സൈലൻസിന്റെ ഡ്രിൽ ചെയ്യിച്ചു) ശരി. നാനാ ഭാഗത്തെയും സർവ്വ വിശേഷാത്മാക്കൾക്ക്, സദാ ആത്മീയ വ്യക്തിത്വത്തിന്റെ ലഹരിയിൽ കഴിയുന്ന ആത്മാക്കൾക്ക്, സദാ പരിധിയില്ലാത്ത സേവനത്തിൽ സ്വയത്തെ ബിസി ആക്കി വെക്കുന്ന നിമിത്ത വിശ്വ മംഗള കാരി ആത്മാക്കൾക്ക്, സദാ ബ്രഹ്മ ബാബയുടെയും ജഗദംബയുടെയും സ്ലോഗൻ സാകാരത്തിൽ കൊണ്ടുവരുന്ന ഉയർന്നതിലും ഉയർന്ന ദൃഷ്ടിയിലൂടെ സായൂജ്യമടയിക്കുന്നതിന്റെ സേവനത്തിൽ സദാ കഴിയുന്ന ബാപ്സമാൻ ആത്മാക്കൾക്ക്, ബാപ്ദാദയുടെയും ജഗദംബ അമ്മയുടെയും സ്നേഹ സ്മരണ, നമസ്തേ.

## വരദാനം: – സ്വാർത്ഥതയിൽ നിന്നും വേറിട്ട് സംബന്ധങ്ങളിൽ സ്നേഹിയായി സേവനം ചെയ്യുന്ന സത്യമായ സേവാധാരിയായി ഭവിക്കട്ടെ

ഏത് സേവനംസ്വയത്തെ അഥവാ മറ്റുള്ളവരെ അസ്വസ്ഥമാക്കുന്നു അത് സേവനമല്ല, സ്വാർത്ഥതയാണ്. നിമിത്തമായി എന്തെങ്കിലും എന്തെങ്കിലും സ്വാർഥതയുണ്ടാകുന്നുവെങ്കിൽ അപ്പോൾ മേലുകീഴാകുന്നു. തന്റേതാകട്ടെ മറ്റുള്ളവരുടേതാകട്ടെ സ്വാർത്ഥത പൂർത്തിയാകുന്നില്ല സേവനത്തിൽ അസ്വസ്ഥതയുണ്ടാകുന്നു അതിനാൽ സ്വാർത്ഥതയിൽ നിന്ന് വേറിട്ട് സർവരുടെ സംബന്ധത്തിൽ സ്നേഹിയായി സേവനം ചെയ്യു അപ്പോൾ പറയും സത്യമായ സേവാധാരി. സേവനം നിറഞ്ഞ ഉണർവ്വുൽസാഹത്തോടെ ചെയ്യൂ, എന്നാൽ സേവനത്തിന്റെ ഭാരം സ്ഥിതിയെ ഒരിക്കലും ആക്കരുത് ഈ ശ്രദ്ധ വയ്ക്കൂ.

**സ്ലോഗൻ:- ശുഭം അഥവാ ശ്രേഷ്ഠമായ വൈബ്രേഷനിലൂടെ നെഗറ്റീവായ ദൃശ്യത്തെയും പോസിറ്റീവിലേക്ക് മാറ്റു**

**അവ്യക്തി സൈലൻസിലൂടെ ഡബിൾ ലൈറ്റ് മാലാഖ സ്ഥിതിയുടെ അനുഭവം ചെയ്യു**

ചെയ്യുന്നവനും ചെയ്യിക്കുന്നവനും ബാബയാണ്, ചെയ്യിക്കുന്നയാൾ എല്ലാം ചെയ്യിക്കുകയാണ്,ഞാൻ നിമിത്തമായ ചെയ്യുന്നയാൾ ആയി ചെയ്തുകൊണ്ടിരിക്കുകയാണ്, ഈ സ്മൃതിയിലൂടെ കർത്താവെന്ന ബോധത്തെ സമാപ്തമാക്കി വേറിട്ടവരും സ്നേഹിയും ആകു. എല്ലാ ഭാരവും ബാബയ്ക്ക് മുന്നിൽ സമർപ്പിച്ച് തൻറെ അനാദിസ്വരൂപത്തിൻറെ സ്മൃതിയിലൂടെ അനാദി സ്വഭാവ സംസ്കാരം ധാരണ ചെയ്ത് ഡബിൾലൈറ്റ് സ്ഥിതിയുടെ അനുഭവം ചെയ്യു